പ്രൊട്ടക്ടഡ് അദ്ധ്യാപകർ

49 (637) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി തുടങ്ങിയതും അപ്ഗ്രേഡ് ചെയ്തതുമായ സഹകാര്യ സ്കൂളുകളിലെ ഭാഷ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രൊട്ടക്ടഡ് അദ്ധ്യാപകരില്ലാത്ത ജില്ലകളിലെ ഭാഷാ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണം വിശദീകരിക്കാമോ ;

(സി) പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇല്ലാത്ത മലപ്പുറം ജില്ലയിലെ എത്ര ഭാഷാ-സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം ലഭിക്കുവാനുണ്ട്. നിയമനാംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 5-ൽ ചട്ടം 6 (8) പ്രകാരം സംസ്ഥാനത്തെ പുതിയതായി തുടങ്ങിയതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിലെ തസ്തികകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതാണ്. മേൽ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല.

(സി) മലപ്പുറം ജില്ലയിൽ ഏകദേശം 40 ഭാഷാ-സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുവാനുണ്ട്. സംസ്ഥാനത്ത് പുതിയതായി തുടങ്ങിയതോ അപഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിൽ പാലിക്കേണ്ട കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തിയ നിയമനങ്ങൾക്കാണ് അംഗീകാരം നൽകാനുള്ളത്.

അർക്കന്നൂർ ഗവൺമെന്റ് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

50 (647) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം വിദ്യാഭ്യാസ ഉപജില്ലയിലെ അർക്കന്നൂർ ഗവൺമെന്റ് യു.പി.സ്കൂളിൽ 6,7 സ്റ്റാൻഡേർഡുകൾ ഇല്ലാത്തതു മൂലം രക്ഷകർത്താക്കൾ അനുഭവിക്കുന്ന പ്രയാസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്രസ്തുത സ്കൂളിൽ അടിയന്തിരമായി 6-ാം സ്റ്റാൻഡേർഡും 7-ാം സ്റ്റാൻഡേർഡും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂളിൽ 6,7 ക്ലാസ്സുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) അർക്കന്നൂർ ഗവൺമെന്റ് സ്കൂൾ 5-ാം സ്റ്റാൻഡേർഡ് വരെയുള്ള ലോവർ പ്രൈമറി സ്കൂളാണ്. സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായി തീരുമാനം കൈക്കൊണ്ടിട്ടില്ല.

കോഴിക്കോട് നഗരവികസനത്തിനായി അനുവദിച്ച തുക

51 (700) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗര വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച 2 കോടി രൂപ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ ;

(ബി) ഈ തുക ഉപയോഗിച്ച് ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) തുക താഴെ പറയുന്ന കാര്യങ്ങൾക്ക് ഉപയോഗിക്കുകയും വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു.

1. കോഴിക്കോട് മാവൂർ റോഡിൽ 0/0 മുതൽ 2/400 വരെ ഉപരിതലം ബി.എം. & എ. സി. ചെയ്യുന്നതിന് (10 പണികൾ)
2. മാവൂർ റോഡ് 0/0 മുതൽ 0/900 വരെ ഇരുവശങ്ങളിലും അഴുക്കുചാൽ, ഇലക്ട്രിക്ക്, ടെലിഫോൺ, വാട്ടർ സപ്ലൈ എന്നിവയുടെ അറകൾ നിർമ്മിക്കുന്ന പണികൾ, കി.മീ. 0/565 മുതൽ 0/655 വരെ ഓടകളുടെയും ഫുട്ട്പാത്തിന്റെയും നിർമ്മാണം.
3. ബീച്ച് റോഡിൽ കി.മീ.3/900 മുതൽ 7/250 വരെ നാലുവരിയാക്കി അടിവൃദ്ധിപ്പെടുത്തൽ, കലുങ്കിന്റെയും അഴുക്കുചാലിന്റെയും നിർമ്മാണം എന്നിവ.
4. കോഴിക്കോട് മിനി ബൈപ്പാസ് റോഡിൽ അപകട സാധ്യതയുള്ള വളവുകൾ വീതികൂട്ടൽ (1/400 മുതൽ 1/900 വരെ ; 2/400 മുതൽ 2/900 വരെ)
5. കല്ലുത്താൻക്കടവ് പാലത്തിന്റെ അപ്രോച്ച് ഇരുവശങ്ങളിലും വീതികൂട്ടുന്ന പണി.

മേൽപ്പറഞ്ഞവകൂടാതെ കൂവൂർ ചെന്നാതളിത്താഴം റോഡ്, സി.വി.ജി.റോഡ് എന്നിവിടങ്ങളിൽ ഓട നിർമ്മാണം, ബീച്ച് റോഡിൽ പാർശ്വഭിത്തി നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly